**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 14** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>നിയമന പ്രക്രിയകളുടെ വേഗത കൂട്ടാൻ പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. വിജിൻ ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** സംസ്ഥാനത്ത് നടത്തുന്ന നിയമന പ്രക്രിയകളുടെ വേഗത കൂട്ടാൻ പദ്ധതികളുണ്ടോ, വിശദാംശങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ നിന്ന് യഥാസമയം നിയമനം നടത്തുന്നതിലേക്ക് വിവിധ വകുപ്പുകളിലെ കോമൺ കാറ്റഗറി തസ്തികകൾ ഉൾപ്പെടെ എല്ലാ തസ്തികകളിലെയും പി.എസ്.സി. മുഖേന നിയമനം നടത്തേണ്ടതായ എല്ലാ ഒഴിവുകളും പി.എസ്.സി മുഖാന്തിരം നിയമനം നടത്തുന്ന കമ്പനി/കോർപ്പറേഷൻ/ബോർഡ്/യൂണിവേഴ്സിറ്റികൾ/സഹകരണ സ്ഥാപനങ്ങൾ എന്നിവയിലെ വിവിധ തസ്തികകളിലെ എല്ലാ ഒഴിവുകളും പി.എസ്.സി. യുടെ ഇ-വേക്കൻസി സോഫ്റ്റ് വെയർ മുഖേന കൃത്യമായി പി.എസ്.സി. -ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ് എന്ന് എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും സ്ഥാപന മേധാവികൾക്കും നിർദ്ദേശം നൽകികൊണ്ട് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

ഓരോ കലണ്ടർ വർഷത്തെയും പ്രതീക്ഷിത ഒഴിവുകൾ മുൻകൂർ ആയി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് തലവന്മാർക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിക്കൊണ്ട് അതാത് വർഷങ്ങളിൽ സർക്കുലർ പുറപ്പെടുവിക്കാറുണ്ട്. പ്രസ്തുത സർക്കുലർ നിർദ്ദേശ പ്രകാരം ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് പരിശോധിക്കുവാനും ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുവാനും ഭരണ വകുപ്പ് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ, ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തുന്ന ഓഫീസുകളിൽ, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിലെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ പരിശോധന നടത്തി ഒഴിവുകൾ റിപ്പോർട്ട് ചെയ്യിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**(ബി)** കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷകൾ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

**<u>മറുപടി:</u>** പി.എസ്.സി യുടെ ഓൺലൈൻ പരീക്ഷാ സെന്ററുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ ഉപയോഗപ്പെടുത്തി പരീക്ഷകൾ ഓൺ-ലൈനായി നടത്തിവരുന്നു. ഉദ്യോഗാർത്ഥികളുടെ എണ്ണം കൂടുതൽ ആയിട്ടുള്ള പരീക്ഷകൾക്ക് ഒ.എം.ആർ സംവിധാനമാണ് ഉപയോഗിക്കുന്നത്. കൂടുതൽ

ഓൺ-ലൈൻ പരീക്ഷാ കേന്ദ്രങ്ങൾ സജ്ജമാക്കി ഓൺ-ലൈൻ പരീക്ഷാ സംവിധാനം വിപുലീകരിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**(സി)** കണ്ണൂർ ജില്ലാ പി. എസ്. സി ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്, വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**മറുപടി:** കണ്ണൂർ ജില്ലാ പി.എസ്.സി ഓഫീസിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് ഇറിഗേഷൻ വകുപ്പിന് കീഴിലുള്ള റി.സ.924 ൽ 5 ഏക്കർ സ്ഥലത്തിൽ നിന്നും 40 സെന്റ് സ്ഥലം, ഉടമസ്ഥാവകാശം ഇറിഗേഷൻ വകുപ്പിൽ നിലനിർത്തി കെട്ടിട നിർമ്മാണത്തിനായി പി.എസ്.സി യ്ക്ക് ഉപയോഗാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

കണ്ണൂർ ജില്ലാ പി.എസ്.സി ഓഫീസിനും ഓൺ ലൈൻ പരീക്ഷാ കേന്ദ്രത്തിനുമായി നിർമ്മിക്കാനുദ്ദേശിക്കുന്ന കെട്ടിടത്തിന്റെ പ്ലാനും എസ്റ്റിമേറ്റും ഉൾപ്പെടെയുള്ളവ പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി വരികയാണ്. പൊതുമരാമത്ത് വകുപ്പിൽ നിന്നും അവ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

**സെക്ഷൻ ഓഫീസർ**